**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഫയൽ ഡിജിറ്റൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ചില സർക്കാർ ഓഫീസുകളിൽ തീപിടുത്തം ഉണ്ടായതിനെ തുടർന്ന് ഫയലുകൾ കത്തി നശിച്ച സാഹചര്യത്തിൽ വിവിധ വകുപ്പുകളിലെ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പ്രധാനപ്പെട്ട ഫയലുകൾ ഡിജിറ്റലായി സൂക്ഷിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലെ രേഖകൾ വിവിധ വലുപ്പത്തിൽ (A3, A4 മുതലായവ) ആയതിനാൽ ഇവ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുന്നതിന് ആവശ്യമായ സ്കാനറുകൾ, സോഫ്റ്റ്‌വെയർ എന്നിവ ക്രമീകരിച്ചിട്ടുണ്ടോ; | (ബി) | A3/A4 സ്കാനർ ഉൾപ്പടെ ഉള്ള കംപ്യൂട്ടർ ഉപകരണങ്ങൾ Centralized Procurement and Rate Contract System മുഖേന വാങ്ങുന്നതിന് വിവിധ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. |
| (സി) | പൊതുജനങ്ങളിൽ നിന്നും നേരിട്ട് സ്വീകരിക്കുന്ന അപേക്ഷകൾ കൗണ്ടറിൽ തന്നെ സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഇ-സേവനം എന്ന മൊബൈൽ പോർട്ടലും, എം-സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. ഇ-സേവനം മുഖേന 600-ൽ പരം സേവനങ്ങളും എം-സേവനത്തിലൂടെ 500-ഓളം സേവനങ്ങളും ഓൺലൈനിലൂടെ ലഭ്യമാണ്. എല്ലാ വകുപ്പുകളും പൂർണ്ണമായും ഇ-ഫയൽ സംവിധാനത്തിലേയ്ക്ക് മാറുന്നതോടെ അപേക്ഷകൾ / പരാതികൾ ഡിജിറ്റൽ രൂപത്തിൽ സ്വീകരിക്കാൻ കഴിയും |
| (ഡി) | സർക്കാർ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ? | (ഡി) | ഫയൽ സുതാര്യത ഉറപ്പ് വരുത്താനും, ഫയൽ നീക്കം വേഗത്തിലാക്കാനും വേണ്ടി, സർക്കാർ ഓഫീസുകൾ പൂർണമായും കടലാസ് രഹിതമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ